**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4661** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.(എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പ്/വാട്ടർ അതോറിറ്റി/ഭൂഗർഭ ജല വകുപ്പ് എന്നിവിടങ്ങളിൽ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്, എം.ടെക് തുടങ്ങിയ ഉയർന്ന യോഗ്യതയുള്ളവർ അപേക്ഷിക്കുന്നത് മൂലവും ഉയർന്ന യോഗ്യതയുള്ളവർ സ്വാഭാവികമായും ഉയർന്ന മാർക്ക് നേടി റാങ്ക് പട്ടികയിൽ ഇടം പിടിക്കുന്നത് കാരണവും അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | കേന്ദ്ര സർക്കാർ സർവീസുകളിൽ ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യതയായി ആവശ്യമുള്ള തസ്തികകളിൽ ആ യോഗ്യത മാത്രം ഉള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ സംസ്ഥാന സർക്കാർ സർവീസുകളിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | നിലവിലുള്ള സർവ്വീസ്/സ്പെഷ്യൽ റൂൾ പ്രകാരം അധിക/ഉയർന്ന യോഗ്യത ഉള്ളവരെ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനായുള്ള റിക്രൂട്ട്മെന്റ് നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടില്ല. അതിനാൽ തത്തുല്യ യോഗ്യതയോ അധികയോഗ്യതയോ ഉള്ളവരെ റിക്രൂട്ട്മെന്റിനായി പരിഗണിക്കുന്നുണ്ട്. |
| (സി) | ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും പ്രാപ്യമാകുമ്പോൾ താഴ്ന്ന യോഗ്യതകൾ മാത്രമുള്ളവർക്ക് അവസരം നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്പെഷ്യൽ റൂളുകളിൽ ഭേദഗതി വരുത്തുന്നപക്ഷം മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ